ഉത്തരം

(എ) രണ്ടു സംസ്ഥാന വിത്തുൽപ്പാദന തോട്ടങ്ങളും ഒരു തെങ്ങിൻതൈ നഴ്സറിയും ഒരു ജില്ലാ കൃഷിത്തോട്ടവുമുൾപ്പെടെ കോഴിക്കോട് ജില്ലയിൽ നാലു ഫാമുകളാണുള്ളത്.

(ബി) സാധ്യതയുള്ള ഫാമുകളിൽ ഔഷധസസ്യച്ചെടികൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്താവുന്നതാണ്.

(സി) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണമായ കേരള കർഷകൻ, ടെലിവിഷനിലൂടെയുള്ള 'കിസാൻ കൃഷി ദീപം' പരിപാടി, മറ്റും പരിശീലന പരിപാടികൾ എന്നിവവഴി ഔഷധസസ്യങ്ങൾ വച്ചു പിടിപ്പിക്കേണ്ടതിന്റെ ആവശ്യകത, കൃഷി രീതികൾ, വാണിജ്യ പ്രാധാന്യം എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ ഔഷധ കൃഷി വിപുലപ്പെടുത്തുന്നതിനും കൃഷിക്കാർക്ക് മെച്ചപ്പെട്ട വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഔഷധ കൃഷിക്ക് പ്രത്യേകമായി അഗ്രി എക്സ്പോർട്ട് സോൺ സ്ഥാപിക്കുന്നതാണ്.

കുരുമുളക് സംഭരണം

116 [434] ശ്രീ. വി. ജെ. പൗലോസ്:

,, സി. പി. മുഹമ്മദ്:

,, ടി. വി. ചന്ദ്രമോഹൻ:

,, വി. ഡി. സതീശൻ:

,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുമുളക് സംഭരണം ആരംഭിച്ചുവോ; എങ്കിൽ എന്നുമുതൽ എന്ന് അറിയിക്കുമോ;

(ബി) പട്ടയം ഇല്ലാത്ത സ്ഥലങ്ങളിൽ കൃഷിയിറക്കിയവരിൽനിന്നും കുരുമുളക് സംഭരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ആരംഭിച്ചു. 14-1-2005 മുതൽ ആണ് കുരുമുളക് സംഭരണം ആരംഭിച്ചത്.

(ബി) രണ്ടു ഹെക്ടർവരെ കുരുമുളക് കൃഷിയുള്ള കർഷകരിൽനിന്നും കുരുമുളക് സംഭരണം നടത്തുന്നതിനാണ് സർക്കാർ ഉത്തരവായിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly